LIBRARY ARCHIVES Kerala Legislative Assembly

വ്യാപാരി ക്ഷേമനിധി ബോർഡ് പുനഃസംഘടന

64 (4224) ശ്രീ. തമ്പാന്നൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപാരി ക്ഷേമനിധി ബോർഡ് കഴിഞ്ഞ നാല് വർഷങ്ങളായി പ്രവർത്തന രഹിതമായി കിടക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം വ്യാപാരികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വ്യാപാരി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) വ്യാപാരി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനും വ്യാപാരികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വ്യാപാരി ക്ഷേമനിധി ബോർഡ് ഭാഗികമായി പ്രവർത്തിക്കുന്നുണ്ട്. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടനയ്ക്കെതിരായി മുൻ സർക്കാരിന്റെ കാലത്ത് 20105/2000 നമ്പരായി ഒരു ഒ. പി. നിലവിലുണ്ടായിരുന്നു. 17-7-2002 ൽ പ്രസ്തുത ഒ. പി. തള്ളിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്. എങ്കിലും കോടതി ഇടപെട്ട കേസുകളിലെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി-എഫ്) ഇല്ല. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടന നികുതി വകുപ്പിന്റെ പരിഗണനയിലാണ്.

വിവിധ ക്ഷേമനിധികളിലെ പെൻഷൻ കുടിശ്ശിക

65 (4225) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷേമനിധികളിൽ നിന്നുള്ള പെൻഷനുകൾ കുടിശ്ശികയായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ മേഖലയിലും എത്ര മാസത്തെവീതം പെൻഷൻ കുടിശ്ശിക തീർത്തുകടുക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വിവിധ ക്ഷേമനിധികളിലായി വിവിധ ആനുകൂല്യങ്ങൾക്കുവേണ്ടിയുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട് ഓരോ ക്ഷേമനിധിയിലും എത്ര വീതം ;

(ഡി) ഈ അപേക്ഷകളിലന്മേൽ സമയബന്ധിതമായ തീർപ്പു കല്പിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാരമ്പര്യ വൈദ്യന്മാർക്ക് ക്ഷേമനിധി

66 (4226) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാരമ്പര്യ വൈദ്യന്മാർക്ക് ക്ഷേമനിധി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ?

(സി) ക്ഷേമനിധി എന്നുമുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാരമ്പര്യവൈദ്യന്മാർ 'തൊഴിലാളി' എന്ന നിർവചനത്തിൽപ്പെടാത്തിനാൽ തൊഴിൽ വകുപ്പിന്റെ കീഴിൽ അവർക്കായി ക്ഷേമനിധി രൂപവൽക്കരിക്കാൻ നിർവ്വാഹമില്ല. എന്നാൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമ പദ്ധതിയിൽ സ്വയം തൊഴിൽ ചെയ്യുന്ന അസംഘടിത വിഭാഗക്കാർക്കും അംഗമാകാം എന്ന വ്യവസ്ഥയുള്ളതിനാൽ ഈ വിഭാഗക്കാർക്കും പ്രസ്തുത ക്ഷേമപദ്ധതിയിൽ അംഗമാകാവുന്നതാണ്.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി-എഫ്) ഇല്ല. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടന നികുതി വകുപ്പിന്റെ പരിഗണനയിലാണ്.

ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ. യിൽ നിന്നുള്ള ട്രെയിനികൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെന്ന പരാതി

67 (4227) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ ഗവൺമെന്റ് ഐ.ടി.ഐ. യിൽ നിന്ന് 1992 വർഷം പാസ്സായ ട്രെയിനികൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly